POLICE DEPARTMENT

KERALA

**No.H1-48310/2023/DR**
District Police Office,
Kozhikode Rural
✉spkkdrl.pol@kerala.gov.in
📞04962523031
Dated.04-09-2024

**DO No. 564/2024/DR**

Sub : അച്ചടക്ക നടപടി - ശ്രീ.രജിലേഷ്.എം.ബി (PEN 782398), സിവിൽ പോലീസ് ഓഫീസർ D 10797 എന്നവർക്കെതിരെയുള്ള വാക്കാലന്വേഷണം -പി.ആർ മിനുറ്റ്സ് (H1/PR-09/2023/DR) തീർപ്പ് കൽപ്പിച്ച് ഉത്തരവാകുന്നത് -സംബന്ധിച്ച്

Ref : 1) 16/09/2023 തിയ്യതിയിലെ H1/48310/2023/DR നമ്പർ ഉത്തരവ്
2) പോലീസ് ഇൻസ്പെക്ടർ, കൊടുവള്ളി പി.എസ് സമർപ്പിച്ച പി.ആർ മിനുറ്റ്സ്
3) 15/02/2024 തിയ്യതിയിലെ H1/48310/2023/DR നമ്പർ നോട്ടീസ് (പി.ആർ മിനുറ്റ്സ് സഹിതം)
4) ശ്രീ.രജിലേഷ്.എം.ബി ഹാജരാക്കിയ 10/03/2024 തിയ്യതിയിലെ മറുപടി
5) 14/06/2024 തിയ്യതിയിലെ H1/48310/2023/DR നമ്പർ ഉത്തരവ്
6) 18/06/2024 തിയ്യതിയിലെ H1/48310/2023/DR നമ്പർ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

**ശ്രീ. രജിലേഷ്.എം.ബി (PEN 782398), സി.പി.ഓ 10797** എന്നവർ കോടഞ്ചേരി പി.എസ്സിൽ ജോലി ചെയ്ത് വരവേ 29/08/2023 മുതൽ അനധികൃതമായ അവധിയിൽ പ്രവേശിക്കുകയും, കൂടാതെ താമരശ്ശേരി.പി.എസ് പരിധിയിലെ കൂടത്തായിയിൽ മയക്കമരുന്ന് സംഘം നാട്ടുകാരെയും, പോലീസിനെയും ആക്രമിച്ച സംഭവത്തിൽ താമരശ്ശേരി പി.എസ്സിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ.665/23 U/s 143,147,148,448,506,308 r/w 149 IPC, ക്രൈം നമ്പർ.666/23 u/s 143,147,148,353,427 506 r/w IPC, ക്രൈം നമ്പർ.667/23 u/s 324,308,149 IPC കേസുകളിലെ മുഖ്യപ്രതിയായ അയൂബ് എന്ന ക്രിമിനല്യമായി ഒരുമിച്ചുള്ള ടിയാന്റെ ഫോട്ടോ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുകയുമുണ്ടായി. അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുകയും, കൂടാതെ നിരവധി കേസുകളിൽ പ്രതിയും, കൊടും ക്രിമിനല്യമായ അയൂബുമായി അവിശുദ്ധ ബന്ധത്തിലാവുകയും, ആയത് പൊതു ജനങ്ങൾക്കിടയിൽ സോഷ്യൽ മീഡിയ വഴി പ്രചരിക്കുകയും ചെയ്തത് വഴി അച്ചടക്ക സേനയിലെ ഒരു ഉദ്യോഗസ്ഥന് നിരക്കാത്ത വിധം ഗുരുതരമായ അച്ചടക്ക ലംഘനവും, സ്വഭാവദൂഷ്യവും കാണിക്കുകയും, പൊതുജനമധ്യത്തിൽ പോലീസ് സേനക്ക് കളങ്കം വരുത്തുന്ന രീതിയിൽ പ്രവർത്തിക്കുകയും ചെയ്തെന്ന് ബോധ്യമായതിനാൽ സൂചന 1 പ്രകാരം അന്വേഷണ വിധേയമായി ടിയാനെ സർവീസിൽ നിന്നും സസ്പെൻറ് ചെയ്തുകൊണ്ടും, പോലീസ് ഇൻസ്പെക്ടർ കൊടുവള്ളി പി.എസ്സിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി കൊണ്ട് ടിയാനെതിരെ ഒരു വാക്കാൽ അന്വേഷണം ആരംഭിച്ച് കൊണ്ടും ഉത്തരവായിട്ടുള്ളതുമാണ്. അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സൂചന 2 പ്രകാരം സമർപ്പിച്ച പി.ആർ മിനുറ്റ്സിന്റെ ഒരു പകർപ്പ് ടിയാന് സൂചന 3 പ്രകാരമുള്ള നോട്ടീസിനോടൊപ്പം നൽകിയിട്ടുള്ളതുമാണ്. സൂചന 5 പ്രകാരം ടിയാനെ സസ്പെൻഷൻ പിൻവലിച്ച് സർവീസിൽ തിരിച്ചെടുത്തിട്ടുള്ളതുമാണ്.

ശ്രീ. രജിലേഷ്.എം.ബി (PEN 782398), സി.പി.ഓ 10797 എന്നവർക്കെതിരെയുള്ള ആരോപണങ്ങൾ തെളിയുന്നതായി പി.ആർ മിനുറ്റ്സും, അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചതിൽ വ്യക്തമാകുകയും, ആയതിനെതിരെ ടിയാൻ സൂചന 4 പ്രകാരം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാലും, അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളോട് പൂർണ്ണമായും യോജിച്ച് കൊണ്ട് ടിയാന്റെ മേൽ പ്രവർത്തിയ്ക്ക് ശിക്ഷയായി ടിയാന്റെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിത ഫലത്തോടെ തടഞ്ഞു വെക്കുവാൻ താൽക്കാലികമായി തീരുമാനിക്കുകയും,ടിയാന്

H1-48310/2023/DR c73882

സൂചന 6 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ യാതൊരു വിധ മറുപടിയും നൽകിയിട്ടില്ലാത്തതാണ്. ആയതിനാൽ മേൽ കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് **ശ്രീ. രജിലേഷ്.എം.ബി (PEN 782398), സി.പി.ഓ 10797 എന്നവരുടെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിത ഫലത്തോടെ തടഞ്ഞു വെച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.** മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി 2 മാസത്തിനകം ടിയാന് ബഹു.കണ്ണൂർ റേഞ്ച് ഡി.ഐ.ജി മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

03-09-2024
NIDHINRAJ P IPS,
District Police Chief

To : ശ്രീ. രജിലേഷ്.എം.ബി (PEN 782398), സി.പി.ഓ 10797 എന്നവർക്ക്
അസി.കമാണ്ടന്റ്, ഡി.എച്ച്.ക്യൂ, കോഴിക്കോട് റൂറൽ മുഖാന്തിരം

Copy To : 1) അസി.കമാണ്ടന്റ്, ഡി.എച്ച്.ക്യൂ, കോഴിക്കോട് റൂറൽ :- നടത്തിപ്പിനും, തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരികെ അയക്കുന്നതിനും
3) അഡീഷണൽ എസ്.പി. (ഭരണം), എ.എ, മാനേജർ, ജൂനിയർ സുപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, സി.എ എന്നിവരുടെ അറിവിലേക്കായി
4) എ1 മുതൽ എ5 B, ബി1 മുതൽ ബി 3, എഫ് 1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി
5)ഡി.ഒ ബുക്ക്, ഡി.ഒ ഫയൽ